## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ - ശ്രീ. ദിനേശൻ.എച്ച്. ഐ.എ.എസ്)

വിഷയം : പഞ്ചായത്ത് വകുപ്പ്-ഭരണ ജാഗ്രത- തൃശ്ശൂർ ജില്ല- അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. എ.എം പങ്കജത്തിനെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം : (1) ബഹു.സർക്കാരിന്റെ 26.09.2018 തിയതിലെ E-2872185/18/MLSGD നമ്പർ കത്ത്.
(2)ശ്രീ.കെ.എസ്.സുഭാഷ് S/O ശങ്കരൻ,കരുമാംപറമ്പിൽ,മുളവറ എന്നവരുടെ പരാതി
(3)ബഹു. ആലത്തൂർ എം.പി. ശ്രീ.പി.കെ.ബിജു ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച പരാതി.

### ഉത്തരവ് നമ്പർ PAN/21916/2018-D7(DP) തീയതി 27/09/2018

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മഴക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകാൻ തൃശ്ശൂർ ജില്ല സഹകരണ ബാങ്കിന്റെ അമല നഗർ ശാഖയിലുള്ള 10739000473 എന്ന അക്കൗണ്ടിലേക്ക് പണപിരവ് നടത്തുന്നതായി വ്യാപക ആക്ഷേപം ഉയർന്നിട്ടുണ്ട്. കൂടാതെ ദുരിതാശ്വാസ ക്യാമ്പുകളുടെ ചുമതലയും, ക്യാമ്പുകൾക്ക് സുമനസ്സുകൾ നൽകുന്ന ഉല്പന്നങ്ങൾ രജിസ്റ്റർ സൂക്ഷിച്ച് വാങ്ങിവെക്കുന്നതിനും,അർഹരായവർക്ക് വിതരണം ചെയ്യുന്നതിനും സർക്കാർ നിർദ്ദേശമനുസരിച്ച് വില്ലേജ് ആഫീസർക്കാണ് ചുമതല നൽകിയിട്ടുള്ളത് വില്ലേജ് ആഫീസറുടെ കൃത്യനിർവ്വഹണത്തിൽ തടസ്സപ്പെടുത്തിയതായും, മറ്റ് വകുപ്പിലെ ജീവനക്കാരോടൊപ്പം യോജിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയത് ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് പണം അടവാക്കുന്നതിന് സർക്കാർ സംവിധാനം ഒരിക്കിയിട്ടുള്ളപ്പോൾ ദുരിതാശ്വാസ നിധിയുടെ പേരിൽ ഇത്തരത്തിലുള്ള അക്കൌണ്ട് സെക്രട്ടറിയുടെ പേരിൽ അടാട്ട് ഗ്രാമപഞ്ചായത്തിലെ പുറനാട്ടുകര ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വസ ക്യാമ്പിൽ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളത് അതീവഗുരുതരമായി കണ്ട് അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി എ.എം പങ്കജത്തിനെ സർവ്വീസിൽ നിന്ന് അന്വേഷണത്തിനും അച്ചടക്ക നടപടികൾക്കും മുന്നോടിയായി

ഉടൻ പ്രാബല്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കഷൻ,കൺട്രോൾ & അപ്പീൽ ചട്ടങ്ങൾ) ചട്ടം 10 പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് ഉടൻ നടപ്പിലാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ശ്രീമതി.എ.എം പങ്കജത്തിനു സസ്പെൻഷൻ കാലയളവിൽ കേരള സർവ്വീസ് റൂൾ അനുശാസിക്കും പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ദിനേശൻ . എച്ച്. ഐ എ എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീമതി. എ.എം പങ്കജം
സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത്.
(തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേനെ )

പകർപ്പ്
(1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
(2) കരുതൽ /അധികം